(ഡി) ഇതോടൊപ്പം മറ്റ് നഷ്ടപരിഹാര തുകകളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാലവർഷക്കെടുതിയിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 2-8-2007-ലെ ജി.ഒ.(എം.എസ്.)284/2007/ഡി.എം.ഡി. ഉത്തരവിന്റെയും 16-2-2009-ലെ ജി.ഒ.(എം.എസ്.)89/2009/ഡി.എം.ഡി. ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് സഹായധനം നൽകിവരുന്നത്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. നാശനഷ്ടങ്ങൾക്ക് ഇരയായവർക്ക് അടിയന്തര സമാശ്വാസധനം മാത്രമാണ് നൽകിവരുന്നത്. വീട് നഷ്ടപ്പെട്ടവർക്ക് നൽകുന്ന സമാശ്വാസധനം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) സി.ആർ.എഫ്.-ൽനിന്നും സമാശ്വാസധനം നൽകുന്നതിന്റെ മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത് കേന്ദ്രഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയമാണ്. ആയതിനാൽ മാനദണ്ഡത്തിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന ഗവൺമെന്റിന് കഴിയില്ല. സി.ആർ.എഫ്. മാനദണ്ഡപ്രകാരം നിശ്ചയിച്ചിരിക്കുന്ന സമാശ്വാസധനം കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നതാണ്.

കാലവർഷക്കെടുതിയിൽ ജീവഹാനി സംഭവിച്ചവരുടെ കുടുംബത്തിന് ആശ്വാസ ധനസഹായം

161 (3932) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ലെ കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് എത്ര രൂപയാണ് ആശ്വാസധനസഹായം നൽകിയിട്ടുള്ളത് വിശദാംശം വ്യക്തമാക്കുമോ ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കഴിവതും വേഗത്തിൽ ആശ്വാസ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2010-ലെ കാലവർഷക്കെടുതിമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയാണ് ആശ്വാസ ധനസഹായമായി അനുവദിച്ചു വരുന്നത്. കേന്ദ്രഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം തയ്യാറാക്കിയിട്ടുള്ള 2-8-2007-ലെ ജി.ഒ.(എം.എസ്.) 284/07/ഡി.എം.ഡി. ഉത്തരവുപ്രകാരമാണ് ഈ തുക നൽകിയത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രകൃതിക്ഷോഭംമൂലം മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് കഴിവതുംവേഗം സമാശ്വാസധനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആശ്വാസം

162 (3933) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആശ്വാസം നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ വർഷത്തെ കാലവർഷത്തോടനുബന്ധിച്ച് സംസ്ഥാനത്ത് എവിടെയൊക്കെ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ടെന്നും എത്ര പേർക്ക് ജീവഹാനി സംഭവിച്ചുവെന്നും വിശദമാക്കുമോ ;

(സി) കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എത്ര കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത് ?

ഉത്തരം

(എ) കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തിരമായി ആശ്വാസധനം വിതരണം ചെയ്യുന്നതിന് 19,10,00,000 രൂപ അനുവദിക്കുകയും ടി തുക അടിയന്തിരമായി വിതരണം ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ സമാശ്വാസ തുക അനുവദിച്ചുവരുന്നു. ഇതുകൂടാതെ 2010 മെയ്, ജൂൺ മാസങ്ങളിൽ കാലവർഷത്തെ തുടർന്ന് പൂർണ്ണമായും നശിച്ച വീടുകൾക്ക് വീടൊന്നിന് സി.ആർ.എഫ്. മാനദണ്ഡപ്രകാരം അനുവദനീയമായ 35,000 രൂപയ്ക്ക് പുറമെ സംസ്ഥാന സർക്കാർ അധികമായി 65,000 രൂപകൂടി ഉൾപ്പെടുത്തി ആകെ 1 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നിശ്ചയിക്കുകയും ആയതു പ്രകാരം തുക നൽകിവരുകയും ചെയ്യുന്നു.

(ബി) ഈ വർഷത്തെ കാലവർഷത്തോടനുബന്ധിച്ച് കേരളത്തിൽ ഇടുക്കി ജില്ലയിൽ 3 ഇടങ്ങളിൽ ഉരുൾപൊട്ടലുണ്ടായിട്ടുണ്ട്. ഉരുൾപൊട്ടലിനോടനുബന്ധിച്ച് ആർക്കും ജീവഹാനി ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly